പതിനാലാം കേരള നിയമസഭ

പതിനഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 770 29.05.2019 ൽ മറുപടിക്ക്

# പിറവം മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന അമ്പലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പിറവം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ വർഷത്തെ പ്രളയത്തിൽ തകർന്ന അമ്പലങ്ങളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും ചുറ്റുമതിലിന്റെയും പുനർനിർമ്മാണം നടത്തുന്നതിന് സഹായം അഭ്യർഥിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) & (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വടകുന്നപ്പുഴ ക്ഷേത്രം മുളക്കുളം ലക്ഷ്മണ സ്വാമി ക്ഷേത്രം എന്നിവിടങ്ങളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. വടകുന്നപ്പുഴ ക്ഷേത്രത്തിൽ അന്നദാന മണ്ഡപത്തിന് മുകളിലേക്ക് തേക്ക് മരം കാറ്റിലും മഴയിലും കടപുഴകി വീണുണ്ടായ നാശ നഷ്ടങ്ങൾ തീർക്കുന്നതിന് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ നടത്തിയിട്ടുണ്ട്. മുളക്കുളം ലക്ഷ്മണ സ്വാമി ക്ഷേത്രത്തിന്റെ ഗോപുരത്തിനുണ്ടായ ചെറിയ കേടുപാടുകളും പരിഹരിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ പ്രദേശങ്ങളിലെ ഏതൊക്കെ അമ്പലങ്ങളിൽ നിന്നാണ് സഹായത്തിനായുള്ള അപേക്ഷകൾ ലഭിച്ചതെന്നും പ്രസ്തുത അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ